**പതിനാലാം കേരളനിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3942 — 24.08.2017 ന് മറുപടിയ്ക്ക്.

**വന്യമൃഗപരിപാലനം സംബന്ധിച്ച കോഴ്സ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.ശശീന്ദ്രൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കേരള വെറ്ററിനറി സർവകലാശാലയുടെ കീഴിൽ പട്ടികവർഗ്ഗക്ഷേമ വകുപ്പിന്റെയും മൃഗശാല വകുപ്പിന്റെയും സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്തെ ആദിവാസി സെറ്റിൽമെന്റുകളിലെ മുപ്പത് പേർക്ക് Wild Animal handling in Zoo and Forest എന്ന മേഖലയിൽ പരിശീലനം നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) വെറ്ററിനറി സർവ്വകലാശാല പട്ടികവർഗ്ഗ ക്ഷേമ വകുപ്പ്, മ്യൂസിയം, മൃഗശാല വകുപ്പ് എന്നിവയുടെ സാമ്പത്തിക സഹായത്തോടെ കേരളത്തിലെ വിവിധ ജില്ലകളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിലെ (Tribal Settlement) അഭ്യസ്ഥവിദ്യരായ യുവതീ-യുവാക്കൾക്ക് Animal Handling in Zoo and Forest എന്ന ആറ് മാസത്തെ ഒരു സർട്ടിഫിക്കറ്റ് കോഴ്സ് നടത്തിയിട്ടുണ്ട്. |
| (ബി) ഇന്ത്യയിൽ ആദ്യമായി നടത്തിയ ഈ പരിശീലനം പൂർത്തിയാക്കിയവർക്ക് വനംവകുപ്പിന്റെ വിവിധ കേന്ദ്രങ്ങൾ, ഇക്കോ ടൂറിസം കേന്ദ്രങ്ങൾ, മൃഗശാലകൾ ഇടങ്ങിയ ഇടങ്ങളിൽ തൊഴിൽ നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; | (ബി) സർവ്വകലാശാല അക്കാദമിക് കൗൺസിൽ അംഗീകരിച്ച വിശദമായ സിലബസിന്റെ അടിസ്ഥാനത്തിൽ എല്ലാ പ്രയോഗിക പരിശീലനവും (തിയറി & പ്രാക്ടിക്കൽ) ലഭിച്ച ഇവർക്ക് മേല്പറഞ്ഞ കേന്ദ്രങ്ങളിലും റെസ്ക്യൂ സെന്ററുകളിലും ജോലി ലഭിക്കുന്നതിന് അർഹതയുണ്ട്. ഈ കോഴ്സ് പൂർത്തിയാക്കിയ ആദിവാസികളുടെ സേവനം ബന്ധപ്പെട്ട മേഖലയിൽ ഉപയോഗിക്കാനാകുമോ എന്ന് പരിശോധിക്കുന്നതാണ്. |
| (സി) ഈ കോഴ്സ് തുടർന്ന് നടത്തുന്നതിന് സർക്കാർ തയ്യാറാകുമോ എന്നറിയിക്കാമോ? | (സി) കോഴ്സ് തുടർന്ന് നടത്തുന്ന കാര്യം പരിശോധിയ്ക്കുന്നതാണ്. |

Latheesh

സെക്ഷൻ ഓഫീസർ.